**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1107** **29-08-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ജൽജീവൻ മിഷൻ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ഏതെല്ലാം പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനാകും എന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | (ബി) | ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കു-ന്നതോടു കൂടി കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ, മടിക്കൈ, ബളാൽ, കള്ളാർ, പനത്തടി, കോടോം ബേളൂർ, കിനാനൂർ കരിന്തളം എന്നി പഞ്ചായത്തുകളിലെ എല്ലാ പ്രദേശങ്ങളിലുമുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്. |
| (സി) | ഓരോ പഞ്ചായത്തിലെയും ജലജീവൻ മിഷൻ പദ്ധതിയുടെ വിവിധ ഘട്ടങ്ങളുടെ ഭരണ/സാങ്കേതിക അനുമതി, കരാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ? | (സി) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതിയുടെ വിവിധ ഘട്ടങ്ങളുടെ ഭരണ/സാങ്കേതിക അനുമതി, കരാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം (1)**

**അജാനൂർ പഞ്ചായത്ത്**: അജാനൂർ പഞ്ചായത്തിൽ 2020-21 ൽ 1800 കണക്ഷനുകൾ നൽകാനുള്ള 331.2 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 ൽ 7868 കണക്ഷനുകൾ നൽകാനുള്ള 844567 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതി ഘടകമായ കിണറിന് ആവശ്യമായ സ്വകാര്യ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**ബളാൽ പഞ്ചായത്ത്:** ബളാൽ പഞ്ചായത്തിൽ 2020-21 ൽ 1220 കണക്ഷനുകൾ നൽകുന്നതിനായി 430 ലക്ഷം രൂപയുടെ ഭരണാനുമതി നല്കി. പ്രവൃത്തി പുരോഗമിച്ച് വരുന്നു. 2021-22 ൽ 3560 കണക്ഷനുകൾ നൽകുന്നതിനായി 5546 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതിഘടകങ്ങൾക്കാവശ്യമായ രണ്ട് സ്വകാര്യ ഭൂമികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**മടിക്കൈ പഞ്ചായത്ത്**: മടിക്കൈ പഞ്ചായത്തിൽ 2020-21 ൽ 4925 കണക്ഷനുകൾ നൽകാനുള്ള 3000 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ച് വരുന്നു.

**കള്ളാർ പഞ്ചായത്ത്:** കള്ളാർ പഞ്ചായത്തിൽ 2020-21-ൽ 1500 കണക്ഷനുകൾ നൽകുന്നതിനായി 650 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. 2021-22 ൽ 3379 കണക്ഷനുകൾ നൽകുന്നതിനായി 4669.54 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളത്. ഇതിന്റെ എഞ്ചിനീയറിംഗ് സർവേ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പദ്ധതിഘടകങ്ങൾക്കാവശ്യമായ രണ്ട് സ്വകാര്യ ഭൂമികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**പനത്തടി പഞ്ചായത്ത്:** പനത്തടി പഞ്ചായത്തിൽ 2020-21-ൽ 1200 കണക്ഷനുകൾ നൽകുന്നതിനായി 590 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. 2021-22 ൽ 4107 കണക്ഷനുകൾ നൽകുന്നതിനായി 5629.01 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ എഞ്ചിനീയറിംഗ് സർവേ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

**കോടോംബേളൂർ പഞ്ചായത്ത്**: കോടോം ബേളൂർ പഞ്ചായത്തിൽ 2020-21-ൽ 5200 കണക്ഷനുകൾ നൽകുന്നതിനായി 1595 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചു വരുന്നു. 2021-22 ൽ 1756 കണക്ഷനുകൾ നൽകുന്നതിനായി 2700 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സർവ്വേ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പദ്ധതിഘടകങ്ങൾക്കാവശ്യമായ അഞ്ച് സ്വകാര്യ ഭൂമികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**കിനാനൂർ കരിന്തളം പഞ്ചായത്ത്**: കിനാനൂർ കരിന്തളം പഞ്ചായത്തിൽ 2022-23-ൽ 4779 കണക്ഷനുകൾ നൽകുന്നതിനായി 9469 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ എഞ്ചിനീയറിംഗ് സർവേ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പദ്ധതിഘടകങ്ങൾക്കാവശ്യമായ നാല് സ്വകാര്യ ഭൂമികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**അനുബന്ധം (2)**

| ക്രമ നം. | പഞ്ചായത്ത് | ഭരണാനുമതി തുക (ലക്ഷം) | സാങ്കേതികാനുമതി തുക (ലക്ഷം) | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| **ഒന്നാം ഘട്ടം** | | | | |
| 1 | അജാനൂർ | 331.2 | 308.3 | 254.74 |
| 2 | മടിക്കൈ | 3000 | 2301.3 | 2313.63 |
| 3 | ബളാൽ | 450 | 417.6 | 372.01 |
| 4 | കള്ളാർ | 650 | 549 | 350.59 |
| 5 | പനത്തടി | 590 | 528 | 354.27 |
| 6 | കോടോം ബേളൂർ | 1595 | 1504 | 1266.79 |
| **രണ്ടാം ഘട്ടം** | | | | |
| 1 | അജാനൂർ | 8445.67 | സാങ്കേതികാനുമതി നല്കേണ്ടതുണ്ട് | കരാർ നടപടികൾ ആരംഭിച്ചിട്ടില്ല |
| 2 | ബളാൽ | 5546 | | |
| 3 | കള്ളാർ | 4669.54 | | |
| 4 | പനത്തടി | 5629.01 | | |
| 5 | കോടോം ബേളൂർ | 2700 | | |
| 6 | കിനാനൂർ -കരിന്തളം | 9469 | | |